**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2165** **14-10-2024 - ൽ മറുപടിയ്ക്ക്**

**നഴ്സിംഗ് കേഡറിലുള്ള തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആരോഗ്യവകുപ്പ് ഡി.എം.ഇ.യ്ക്ക് കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ നിലവിൽ നഴ്സിംഗ് കേഡറിലുള്ള തസ്തികകളുടെ എണ്ണം ഗ്രേഡ് അനുസരിച്ച് വ്യക്തമാക്കാമോ; | (എ) | **മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നേഴ്സിംഗ് കേഡറിൽ ഉൾപ്പെട്ട വിവിധ തസ്തികകളുടെ എണ്ണം ഗ്രേഡ് അനുസരിച്ച് ചുവടെ ചേർക്കുന്നു.**<br><br>**നേഴ്സിംഗ് ഓഫീസർ (സ്റ്റാഫ് നേഴ്സ് ഗ്രേഡ് 2) / നേഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 (സ്റ്റാഫ് നേഴ്സ് ഗ്രേഡ് 1 )- 3520 (1:1 എന്ന അനുപാതത്തിൽ)**<br><br>**സീനിയർ നേഴ്സിംഗ് ഓഫീസർ -- 591**<br><br>**ഡെപ്യൂട്ടി നേഴ്സിംഗ് സൂപ്രണ്ട് - 58**<br><br>**നേഴ്സിംഗ് സൂപ്രണ്ട് -30**<br><br>**ചീഫ് നേഴ്സിംഗ് ഓഫീസർ -8** |
| (ബി) | പ്രസ്തുത തസ്തികകളിൽ ഏതെങ്കിലും ഒഴിഞ്ഞുകിടക്കുന്നതോ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാത്തതോ ഉണ്ടോയെന്ന് അറിയിക്കാമോ; വിശദമാക്കാമോ; | (ബി) | **മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നേഴ്സിംഗ് കേഡറിൽ ഉൾപ്പെട്ട വിവിധ തസ്തികകളിലെ ഒഴിവുനില ചുവടെ ചേർക്കുന്നു.**<br><br>**നേഴ്സിംഗ് ഓഫീസർ/നേഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 - 220**<br><br>**സീനിയർ നേഴ്സിംഗ് ഓഫീസർ - 29**<br><br>**ഡെപ്യൂട്ടി നേഴ്സിംഗ് സൂപ്രണ്ട് - 13**<br><br>**നേഴ്സിംഗ് സൂപ്രണ്ട് -1**<br><br>**ചീഫ് നേഴ്സിംഗ് ഓഫീസർ - 3**<br><br>**സീനിയർ നേഴ്സിംഗ് ഓഫീസർ, ഡെപ്യൂട്ടി നേഴ്സിംഗ് സൂപ്രണ്ട്, നേഴ്സിംഗ് സൂപ്രണ്ട്, ചീഫ് നേഴ്സിംഗ് ഓഫീസർ എന്നീ തസ്തികകളിലെ ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നേഴ്സിംഗ് ഓഫീസർ/നേഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 തസ്തികയിലുള്ള 220 ഒഴിവുകളിൽ പി.എസ്.സി നിയമന ശിപാർശ നൽകിയ 65** |

| | | | |
|---|---|---|---|
| | | | **പേർക്ക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ഉത്തരവ് നമ്പർ ജെ2/2288/2023/മെ.വി.വ തീയതി 06.10.2024 പ്രകാരം നിയമനം നൽകി. 72 പേർക്കുള്ള നിയമനശിപാർശ പി.എസ്.സി-യിൽ നിന്നും ലഭ്യമായിട്ടുണ്ട്. ആയതിൽ നിയമന ഉത്തരവ് ഉടൻ നൽകുന്നതാണ്. കൂടാതെ 27 ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ഒഴിവുകൾ 09.04.2020 തീയതിയിലെ സ.ഉ (കൈ) നം. 62/2020/ആ.കു.വ ഉത്തരവിന് വിധേയമായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.** |
| (സി) | 2026 ജനുവരി 31-നുള്ളിൽ പ്രസ്തുത തസ്തികകളിൽനിന്നും വിരമിക്കുന്നവരുടെ എണ്ണം ഗ്രേഡ് അനുസരിച്ച് ലഭ്യമാക്കാമോ; | (സി) | **മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നേഴ്സിംഗ് കേഡറിൽ ഉൾപ്പെട്ട വിവിധ തസ്തികകളിൽ നിന്നും 2026 ജനുവരി 31-നുള്ളിൽ വിരമിക്കുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു.**<br><br>**നേഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 - 1**<br><br>**സീനിയർ നേഴ്സിംഗ് ഓഫീസർ - 43**<br><br>**ഡെപ്യൂട്ടി നേഴ്സിംഗ് സൂപ്രണ്ട് - 8**<br><br>**നേഴ്സിംഗ് സൂപ്രണ്ട് -7**<br><br>**ചീഫ് നേഴ്സിംഗ് ഓഫീസർ - 5** |
| (ഡി) | 2026 ജനുവരി 31-നുള്ളിൽ പ്രസ്തുത തസ്തികകളിൽനിന്നും ദീർഘകാല അവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കേണ്ടവരുടെ എണ്ണം ഗ്രേഡ് അനുസരിച്ച് ലഭ്യമാക്കാമോ; | (ഡി) | **മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നേഴ്സിംഗ് വിഭാഗം ജീവനക്കാരിൽ 2026 ജനുവരി 31-നുള്ളിൽ** ദീർഘകാല അവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കേണ്ടവരുടെ എണ്ണം ഗ്രേഡ് അനുസരിച്ച് ചുവടെ ചേർക്കുന്നു.<br><br>**നേഴ്സിംഗ് ഓഫീസർ - 122**<br><br>**നേഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 - 3** |
| (ഇ) | 2023 ജനുവരി 31 മുതൽ ഇതുവരെ പ്രസ്തുത തസ്തികകളിൽനിന്നും എൽ.ഡബ്ല്യു.എ. എടുത്തവരുടെ എണ്ണം ഗ്രേഡ് അനുസരിച്ച് വ്യക്തമാക്കാമോ? | (ഇ) | **2023 ജനുവരി 31- മുതൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ച മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നേഴ്സിംഗ് വിഭാഗം ജീവനക്കാരുടെ** എണ്ണം ഗ്രേഡ് അനുസരിച്ച് ചുവടെ ചേർക്കുന്നു.<br><br>**നേഴ്സിംഗ് ഓഫീസർ - 190**<br><br>**നേഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 - 74**<br><br>**സീനിയർ നേഴ്സിംഗ് ഓഫീസർ - 5** |

സെക്ഷൻ ഓഫീസർ